**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1563** **03-02-2026 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ ട്രൈബൽ സെറ്റിൽമെന്റ് പ്രദേശങ്ങളിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ എരുമേലി തെക്ക്, എരുമേലി വടക്ക്, കോരുത്തോട് വില്ലേജുകളിലെ ട്രൈബൽ സെറ്റിൽമെന്റ് പ്രദേശങ്ങളിൽ പട്ടയം അനുവദിച്ചു നൽകുന്നതിനായി സമർപ്പിച്ചിട്ടുള്ള ഏഴായിരത്തോളം അപേക്ഷകർക്ക് പട്ടയം ലഭ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (എ) | കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക്. എരുമേലി വടക്ക്, കോരുത്തോട് എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട 13 ഹിൽമെൻ സെറ്റിൽമെന്റുകളിൽ പട്ടയം അനുവദിക്കുന്നതിനായാണ് മുണ്ടക്കയം പ്രത്യേക ഭൂമിപതിവ് ഓഫീസ് പ്രവർത്തനം ആരംഭിച്ചത്. എന്നാൽ 03/02/2025-ലെ സ.ഉ (കൈ) നം. 30/2025/RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഫോറസ്റ്റ് വില്ലേജുകൾ റവന്യൂ വില്ലേജുകളായി പരിവർത്തനപ്പെടുത്താൻ നിർദ്ദേശിച്ചുകൊണ്ടുള്ള ഉത്തരവിലെ 566 ഫോറസ്റ്റ് വില്ലേജുകളുടെ പട്ടികയിൽ പ്രസ്തുത എരുമേലി തെക്ക്, ഏരുമേലി വടക്ക്, കോരുത്തോട് എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട 13 ഹിൽമെൻ സെറ്റിൽമെന്റുകളും ഇടംപിടിച്ചിട്ടുള്ളതാണ്. ഇതു മൂലം പ്രസ്തുത സ്ഥലത്ത് 1964 ലെ ഭൂപതിവ് ചട്ട പ്രകാരം പട്ടയം നൽകുന്നതിന് സ്പഷ്ടീകരണം തേടിക്കൊണ്ട് ജില്ലാ കളക്ടർ ലാന്റ് റവന്യൂ കമ്മീഷണറോട് സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു. GO(Rt)2020/2020/RD എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി വില്ലേജുകളിൽ ജണ്ടയ്ക്ക് പുറത്തുള്ളതും റവന്യൂ രേഖകളിൽ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമി സംബന്ധിച്ച് രേഖകളുടെ റിമാർക്സ് കോളത്തിലെ രേഖപ്പെടുത്തലുകൾ കണക്കാക്കാതെയാണ് പതിച്ചു നൽകാൻ ഉത്തരവായത്. ഇപ്രകാരം അർഹതയുള്ള കൈവശക്കാർക്കോ പിൻഗാമികൾക്കോ വനാവകാശരേഖ ലഭിച്ചിട്ടുണ്ടെങ്കിൽ കൂടി പട്ടയത്തിനുള്ള അവകാശം ഇല്ലാതാകില്ല എന്നതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ